REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 19-06-2026 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്തിന്റെ അടുത്ത അഞ്ചു വർഷത്തെ ദിശാ സൂചികയാണ് പുതിയ ബജറ്റെന്ന് മുഖ്യമന്ത്രി VD സതീശൻ.**
- **ആരോഗ്യത്തിനും, വയോജനങ്ങൾക്കും, യുവാക്കൾക്കും, ഗതാഗതത്തിനും പ്രാധാന്യം നൽകി ബജറ്റ്.**
- **അഞ്ചു വർഷത്തിനുള്ളിൽ കേരളത്തെ ആഗോള മാരിടൈം ശക്തിയാക്കുമെന്നും ബജറ്റ് പ്രഖ്യാപനം- മിഷൻ സമുദ്ര പദ്ധതിക്ക് 400 കോടി രൂപ.**
- **കാർഷിക മേഖലയ്ക്ക് സംസ്ഥാന ബജറ്റിൽ ആശ്വാസ നടപടിയില്ലെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ.**
- **ഇന്ന് വായന ദിനം.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ മെക്സിക്കോയ്ക്ക് ജയം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്തിന്റെ അടുത്ത അഞ്ചു വർഷത്തെ ദിശാ സൂചികയാണ് പുതിയ ബജറ്റെന്ന് മുഖ്യമന്ത്രി VD സതീശൻ പറഞ്ഞു. പുതു യുഗ കേരളം സൃഷ്ടിക്കാൻ ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമെന്നും UDF ഗവണ്മെന്റിന്റെ ആദ്യ ബജറ്റ് അവതരിപ്പിച്ച മുഖ്യമന്ത്രി അറിയിച്ചു.

സംസ്ഥാനത്തിന്റെ പ്രതീക്ഷിത വരുമാനത്തിൽ 20,500 കോടി രൂപയുടെ കുറവാണ് ഉണ്ടായതെന്ന് ബജറ്റ് പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. കിഫ്ബിയുടെയും, സാമൂഹ്യ സുരക്ഷാ കമ്പനിയുടെയും ഉൾപ്പെടെ ഗവണ്മെന്റിനു മേൽ 87,012 കോടി രൂപയുടെ ബാധ്യതയുണ്ടെന്നും VD സതീശൻ

വ്യക്തമാക്കി.  LDF ഗവണ്മെന്റ് പദ്ധതി ചെലവിലെ യഥാർത്ഥ കണക്കുകൾ മറച്ചുവെച്ചെന്നും മുഖ്യമന്ത്രി ആരോപിച്ചു.

സംസ്ഥാനം വൻ സാമ്പത്തിക വെല്ലുവിളി നേരിടുകയാണെന്നും സാമൂഹിക വികസന സൂചികകൾ സ്തംഭനാവസ്ഥയിലാണെന്നും തനത് വരുമാനം മറ്റ് സംസ്ഥാനങ്ങളേക്കാൾ താഴെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കേന്ദ്രഗവണ്മെന്റിന്റെ വിഹിതം കുറഞ്ഞെന്ന് പറഞ്ഞ മുഖ്യമന്ത്രി, ആരോഗ്യമേഖല മെച്ചപ്പെടുത്തുമെന്നും വയോജനങ്ങളെ സംരക്ഷിക്കുമെന്നും വ്യക്തമാക്കി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ് ........)

വയോജന വകുപ്പിന് 10 കോടി രൂപ വകയിരുത്തിയ ബജറ്റിൽ,  യുവാക്കൾക്ക് മികച്ച വിദ്യാഭ്യാസവും തൊഴിലും നൽകി അവരെ സംസ്ഥാനത്ത് തന്നെ നിലനിർത്തേണ്ടത് അത്യാവശ്യമാണെന്നും VD സതീശൻ പറഞ്ഞു. കിഫ്ബിയുടെ പ്രവർത്തനം സമഗ്രമായി പരിഷ്കരിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുമെന്ന്  മുഖ്യമന്ത്രി അറിയിച്ചു.

ആധുനികവും നൂതനവുമായ കേരളം കെട്ടിപ്പടുക്കുന്നതിന് കടലിലും കരയിലും വികസനത്തിന് മിഷൻ സമുദ്ര നടപ്പാക്കാൻ  400 കോടി രൂപ  വകയിരുത്തും. വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ച് കേരളത്തെ പോർട്ട് സിറ്റിയാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സ്വകാര്യ പങ്കാളിത്തത്തോടെ  കേരളാ മാരിടൈം നയം രൂപീകരിക്കും. അന്തർദേശീയ മാരിടൈം മ്യൂസിയം സ്ഥാപിച്ച്  കപ്പൽ നിർമ്മാണ കേന്ദ്രം തുടങ്ങുമെന്നും അടുത്ത അഞ്ച് വർഷം കൊണ്ട് സംസ്ഥാനത്തെ മാരിടൈം ശക്തിയാക്കി  മാറ്റുമെന്നും VD സതീശൻ  വ്യക്തമാക്കി.

വിഴിഞ്ഞം തുറമുഖ റെയിൽ നിർമ്മാണം പൂർത്തിയാക്കി വിഴിഞ്ഞത്തെ കേരളത്തിന്റെ മുഖമാക്കി മാറ്റുമെന്നും മുഖ്യമന്ത്രി ബജറ്റിൽ പ്രഖ്യാപിച്ചു.

സൂക്ഷ്മ ചെറുകിട  ഇടത്തരം സംരംഭങ്ങളെ  സംരക്ഷിക്കാൻ  MSME ഗ്രോത് പദ്ധതിക്ക് രൂപം നൽകുമെന്നും 10,000 MSMEകൾ സ്ഥാപിക്കാൻ 100 കോടി രൂപ വകയിരുത്തുമെന്നും  VD സതീശൻ അറിയിച്ചു. വൺ കേരള കരുതൽ മിഷൻ സ്ഥാപിക്കാൻ ഒരു കോടി രൂപയാണ് ബജറ്റിൽ  വകയിരുത്തിയത്.

ബഹിരാകാശ മേഖലയിൽ വൻ തൊഴിലവസരങ്ങൾ ഉറപ്പാക്കും. ഗ്ലോബൽ ജോബ് വാച്ച് ടവർ സ്ഥാപിക്കും. ഉന്നത വിദ്യാഭ്യാസത്തിന് കേരള നോളജ് വാലി രൂപീകരിക്കുമെന്നും VD സതീശൻ പറഞ്ഞു. സംസ്ഥാനത്ത് ഉയർന്ന ആരോഗ്യ സേവനങ്ങൾക്കായി കേരള ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി സ്ഥാപിക്കും.

ഫാർമ കാർഗോ സൗകര്യം വർധിപ്പിക്കും. കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ ഗ്ലോബൽ കൺവെൻഷൻ സെന്റർ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തെക്കൻ ജില്ലകളെ ചേർത്ത് കേരള ഇക്കണോമിക് കോറിഡോർ സ്ഥാപിക്കും. ഇത് സമ്മിശ്ര സമ്പദ് വ്യവസ്ഥ സൃഷ്ടിക്കും.

✪✪✪

ലാൻഡ് മാനേജ്മന്റ് നയം രൂപീകരിക്കുമെന്നും രണ്ടാം ഭൂപരിഷ്കരണം നടപ്പാക്കുമെന്നും നഗര വികസനത്തിന് കേരള അർബൻ ഗ്രോത്ത് മിഷൻ എന്ന സമഗ്ര പദ്ധതി നടപ്പാക്കുമെന്നും VD സതീശൻ പറഞ്ഞു.

അപൂർവ്വ ധാതു സമ്പത്ത് സംരക്ഷിക്കും. ഹരിത ഹൈഡ്രജൻ ഹബ്ബായി കേരളത്തെ മാറ്റും. ഇതിന് 100 കോടി രൂപ അനുവദിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. മലബാറിൽ ലോക നിലവാരത്തിൽ ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കും ഇതിന് 50 കോടി രൂപ വകയിരുത്തി.

മലയാള സിനിമയെ വികസിപ്പിക്കാൻ JC ഡാനിയേൽ ഫിലിം സിറ്റി ചിത്ര നഗരം കൊച്ചിയിൽ സ്ഥാപിക്കും . ഇതിന് 100 കോടി രൂപ വകയിരുത്തിയത്. MT വാസുദേവൻ നായരുടെ പേരിൽ കോഴിക്കോട് സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ 50 കോടി രൂപ വകയിരുത്തി. നടൻ സലിം കുമാറിന് എറണാകുളത്ത് ഒരു കോടി രൂപ ചെലവിൽ സ്മാരകം നിർമ്മിക്കും. സംഗീതസംവിധായകൻ ജോൺസൺ മാഷിന്റെ പേരിൽ തൃശൂരിൽ മ്യൂസിക് അക്കാദമി സ്ഥാപിക്കും.

ഉമ്മൻ ചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്ക് 10 കോടി രൂപയും ബജറ്റിൽ വകയിരുത്തി.

KSRTC ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്രയ്ക്ക് 600 കോടി രൂപ നീക്കിവെച്ചു. തദ്ദേശ സ്ഥാപനങ്ങൾക്ക് ഖര മാലിന്യ സാംസ്കരണത്തിനു 160 കോടി രൂപയും വകയിരുത്തി വനിതകൾക്ക് കൃഷി സഖി പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചു. യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കാൻ പദ്ധതി തയ്യാറാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. റബ്ബറിന്റെ താങ്ങു വില 250 രൂപയാക്കി വർധിപ്പിച്ചു, സംസ്ഥാനത്ത് പുതിയ നെല്ല് സംഭരണ കേന്ദ്രങ്ങൾ

തുടങ്ങും. തിരുവനന്തപുരം നെട്ടുകാൽത്തേരിയിൽ തീറ്റപ്പുൽ ഫാം ആരംഭിക്കും. മത്സ്യതൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി 75 രൂപയാക്കി, മത്സ്യ തൊഴിലാളികളുടെ ഭവന പദ്ധതി നടപ്പാക്കും. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മനുഷ്യ - വന്യജീവി സംഘർഷം കുറയ്ക്കുമെന്നും കേരളത്തെ കാർബൺ ന്യൂട്രൽ സംസ്ഥാനമാക്കുമെന്നും മുതലപ്പൊഴിയിലെ അശാസ്ത്രീയ നിർമ്മാണത്തിന് പരിഹാരം ഉണ്ടാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

ആഘാതം നേരിടുന്ന കാർഷിക മേഖലയ്ക്ക് ആശ്വാസ നടപടിയില്ലാത്ത ബജറ്റാണ് മുഖ്യമന്ത്രി VD സതീശൻ അവതരിപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ആരോപിച്ചു. LDF ഗവണ്മെന്റിന്റെ മുൻ പ്രഖ്യാപനങ്ങൾ പേരുമാറ്റി പുതിയതായി പ്രഖ്യാപിക്കുകയാണ് ഗവണ്മെന്റ് ചെയ്തതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. 6,300 കോടിയിലധികം രൂപ ഖജനാവിൽ ബാക്കിയാക്കിയാണ് LDF ഗവണ്മെന്റ് ഭരണം പൂർത്തിയാക്കിയതെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് പറയാനാണ് മുഖ്യമന്ത്രി ശ്രമിച്ചതെന്നും പിണറായി വിജയൻ പറഞ്ഞു. ഗവണ്മെന്റിന്റെ ധവളപത്രം മുൻകൂർ ജാമ്യമെടുക്കൽ മാത്രമായിരുന്നെന്നും പ്രതിപക്ഷ നേതാവ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

✪✪✪

സംസ്ഥാന ബജറ്റിൽ സിനിമയെ വ്യവസായമായി പ്രഖ്യാപിച്ച ഗവണ്മെന്റിന്റെ തീരുമാനം സ്വാഗതം ചെയ്യുന്നതായി നടൻ മോഹൻലാൽ പറഞ്ഞു. തീരുമാനം സിനിമാ മേഖലയ്ക്ക് പുത്തൻ ഉണർവും വളർച്ചയും പ്രദാനം ചെയ്യുമെന്ന കാര്യം തീർച്ചയാണെന്ന് മോഹൻലാൽ ഫേസ്ബുക്കിൽ കുറിച്ചു. ഇത് ആയിരക്കണക്കിന് സിനിമാ പ്രവർത്തകർക്ക് പ്രതീക്ഷകൾ നൽകുന്ന പ്രഖ്യാപനമാണെന്നും മോഹൻലാൽ അറിയിച്ചു.

✪✪✪

ഇന്ന് അന്താരാഷ്ട്ര അരിവാൾ കോശ ദിനം. ജനിതക രക്ത വൈകല്യമായ സിക്കിൾ സെൽ രോഗത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനും, രോഗബാധിതർക്ക് മികച്ച ചികിത്സയും പിന്തുണയും ഉറപ്പാക്കാനുമാണ് ദിനം ആചരിക്കുന്നത്. "അതിജീവനത്തിലെ വിടവ് നികത്തുക, അരിവാൾ കോശ രോഗത്തിൽ തുല്യത" എന്നതാണ് ഈവർഷത്തെ ദിനാചരണ പ്രമേയം.

മധ്യപ്രദേശിലെ ഓംകാരേശ്വറിൽ അന്താരാഷ്ട്ര അരിവാൾ കോശ ദിനാചരണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുക്കും. ഒഡീഷയിലെ

റായ്‌രംഗ്പൂരിൽ എയിംസ് ഭുവനേശ്വർ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ്, കുസുമി ബ്ലോക്കിന് കീഴിലെ ഖനി ബാധിത ഗ്രാമങ്ങളിലേയ്ക്ക് മെഗാ സംയോജിത ഗ്രാമീണ പൈപ്പ് ജലവിതരണം, ബ്രഹ്മകുമാരി മാതൃശക്തി ഭവൻ, റായ്‌രംഗ്പൂർ പൊലീസ് ജില്ല, സ്പെഷ്യൽ സർക്യൂട്ട് ഹൗസ് എന്നിവയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ലഡാക്കിലെ ലേയിൽ എത്തും. അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം പങ്കെടുക്കും.

ലുകുങ് ഗ്രാമം നാളെ സന്ദർശിക്കുന്ന ഉപരാഷ്ട്രപതി, പ്രാദേശിക സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായി ആശയവിനിമയം നടത്തും. യുദ്ധ സ്മാരകവും അദ്ദേഹം സന്ദർശിക്കും.

✪✪✪

'PM വികസിത് ഭാരത് റോസ്ഗർ യോജന'യ്ക്ക് കീഴിൽ 2,400 കോടിയോളം രൂപയുടെ ആനുകൂല്യങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിന് ആരംഭിച്ച പദ്ധതിക്ക് 99,446 കോടി രൂപയാണ് കേന്ദ്രഗവണ്മെന്റ് വകയിരുത്തിയത്.

പുതുതായി ജോലിയിൽ ചേർന്ന തൊഴിലാളികൾക്ക് തൊഴിലുടമകളുടെ നിയമന കത്തിന്റെ വിതരണം നടക്കും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ആഭിമുഖ്യത്തിൽ, പാളയം കേരള സർവകലാശാല സെനറ്റ് ഹാളിലും കോട്ടയത്ത് CSI റിട്രീറ്റ് സെന്ററിലും എറണാകുത്ത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ടൗൺ ഹാളിലും കോഴിക്കോട് കല്ലായ് റോഡിൽ ജില്ലാ സഹകരണ ബാങ്ക് ഹാളിലും, കണ്ണൂർ റബ്കൊ ഓഡിറ്റോറിയത്തിലുമാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

മഴക്കാല രോഗവ്യാപനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദ, മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ഉന്നതതല അവലോകന യോഗം ചേർന്നു. രാജ്യത്തെ നിലവിലെ രോഗ സ്ഥിതിഗതികൾ അവലോകനം ചെയ്ത നദ്ദ, കൊതുകുജന്യ രോഗങ്ങളെ ഫലപ്രദമായി തടയുന്നതിനും നിയന്ത്രിക്കുന്നതിനും ജാഗ്രത പാലിക്കണമെന്ന് അറിയിച്ചു. പ്രതിരോധ നടപടികളുടെ ഭാഗമായി കൊതുക് പ്രജനന കേന്ദ്രങ്ങൾ ഇല്ലാതാക്കൽ, ഫോഗിംഗ്, ദുർബല പ്രദേശങ്ങളിലെ മറ്റ്

പൊതുജനാരോഗ്യ ഇടപെടലുകൾ എന്നിവയുൾപ്പെടെ വെക്റ്റർ നിയന്ത്രണ പ്രവർത്തനങ്ങൾ തീവ്രമാക്കണമെന്ന് മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

കേന്ദ്രമന്ത്രി കീർത്തി വർധൻ സിംഗ് നാല് ദിവസത്തെ ഔദ്യോഗിക ലക്ഷദ്വീപ് സന്ദർശനത്തിന്റെ ഭാഗമായി ലക്ഷദ്വീപിൽ എത്തിച്ചേർന്നു.

അഗത്തി വിമാനത്താവളത്തിൽ ഇറങ്ങിയ കേന്ദ്ര സഹ മന്ത്രിയെ കളക്ടർ ശിവം ചന്ദ്ര, കവരത്തി പരിസ്ഥിതി വനം വകുപ്പ് സെക്രട്ടറി രാജ് തിലക്, ADM അവിനാഷ് സിംങ്ങ് എന്നിവർ ചേർന്ന് സ്വീകരിച്ചു.

✪✪✪

അന്താരാഷ്ട്ര യോഗാ ദിനത്തിന് ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ ഈ മാസം 21ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

അന്താരാഷ്ട്ര യോഗ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഞായറാഴ്ച രാവിലെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ മന്ത്രി K മുരളീധരൻ നിർവഹിക്കും.

യോഗ ദിനത്തോടനുബന്ധിച്ച് നാഷണൽ ആയുഷ് മിഷനു കീഴിലെ ആയുഷ് ക്ലബ് അംഗങ്ങളെ പങ്കെടുപ്പിച്ച് യോഗ ഡെമോൺസ്ട്രേഷനും ഒരുക്കും. വിവിധ ജില്ലകളിലും പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

അന്താരാഷ്ട്ര യോഗാ ദിനത്തിന് മുന്നോടിയായി പാർലമെന്ററി കാര്യ മന്ത്രാലയം ന്യൂഡൽഹിയിലെ പാർലമെന്റ് ഹൗസ് അനക്സിൽ യോഗാ ശിൽപ്പശാല സംഘടിപ്പിച്ചു. മന്ത്രാലയത്തിന്റെ അഡീഷണൽ സെക്രട്ടറി ഡോ. സത്യപ്രകാശ് ഉദ്ഘാടനം ചെയ്തു. ലാൽ ബഹാദുർ ശാസ്ത്രി ദേശീയ സംസ്കൃത സർവകലാശാലയിലെ പ്രൊഫസർ ഡോ. രമേഷ് കുമാറാണ് വർക്ക് ഷോപ്പിന് നേതൃത്വം നൽകിയത്.

✪✪✪

തിരക്ക് വർദ്ധിക്കുന്നത് കാരണം യാത്രക്കാരുടെ അസൗകര്യം ഒഴിവാക്കാൻ പ്രത്യേക സർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു. തിരുവനന്തപുരം സെൻട്രൽ - മംഗളൂരു ജംഗ്ഷൻ ഫെസ്റ്റിവൽ സ്പെഷ്യൽ എക്സ്പ്രസ് നാളെ

രാവിലെ 7.45 ന് തിരുവനന്തപുരത്ത് നിന്ന് പുറപ്പെട്ട് 01ിട്ട് 7.45 ന് മംഗളൂരു ജംഗ്ഷനിൽ എത്തിച്ചേരും.

തിരിച്ച് നാളെ രാത്രി 8.40 ന് മംഗളൂരു ജംഗ്ഷനിൽ നിന്ന് പുറപ്പെട്ട് പിറ്റേ ദിവസം രാവിലെ 10.15 ന് തിരുവനന്തപുരം സെൻട്രലിൽ എത്തിച്ചേരും.

✪✪✪

NEET പുനഃപരീക്ഷയിൽ പങ്കെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി ദേശീയ പരീക്ഷാ ഏജൻസി ഔദ്യോഗിക വാട്ട്സ്ആപ്പ് ചാനൽ ആരംഭിച്ചു. എല്ലാ ഔദ്യോഗിക ആശയവിനിമയങ്ങളും ഔദ്യോഗിക അക്കൗണ്ട് വഴി മാത്രമേ അയയ്ക്കൂ എന്നും ഏജൻസി വ്യക്തമാക്കി.

✪✪✪

NEET പരീക്ഷയോടനുബന്ധിച്ച് മറ്റന്നാൾ പ്രത്യേക മെമു സർവീസ് നടത്തുമെന്ന് റെയിൽവേ അറിയിച്ചു. രാവിലെ പാലക്കാട് നിന്ന് 5.50ന് പുറപ്പെടുന്ന ട്രെയിൻ, കാസർഗോഡ് പതിനൊന്നരയ്ക്ക് എത്തും.

ഒറ്റപ്പാലം, ഷൊർണുർ, തിരൂർ, കോഴിക്കോട്, വടകര, കണ്ണൂർ, പയ്യന്നൂർ, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലാണ് സ്റ്റോപ്പ്.

✪✪✪

ഇന്ന് വായനദിനം. കേരളത്തിലെ ഗ്രന്ഥശാലാ സാക്ഷരതാ പ്രസ്ഥാനങ്ങളുടെ പിതാവായ പി.എൻ. പണിക്കരെ സ്മരിച്ച് കേരളത്തിലും ദേശീയതലത്തിലും വായനദിനം ആഘോഷിക്കുന്നു. PN പണിക്കർ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന വായനാ ദിനാചരണത്തിന്റെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് കനകക്കുന്ന് കൊട്ടാരത്തിൽ മുഖ്യമന്ത്രി VD സതീശൻ ഉദ്ഘാടന ചെയ്യും.

സംസ്ഥാനത്തെ 43 ലക്ഷത്തിൽപ്പരം കുട്ടികൾ വായനദിന പ്രതിജ്ഞ ചൊല്ലും. രാജ്യത്തെ 28 സംസ്ഥാനങ്ങളിലും 8 കേന്ദ്രഭരണ പ്രദേശങ്ങളിലും ഒരുമാസക്കാലം പരിപാടി സംഘടിപ്പിക്കും.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഗ്രൂപ്പ് A- യിൽ മെക്സിക്കോയ്ക്ക് ജയം. ദക്ഷിണ കൊറിയയ്ക്കെതിരെ എതിരില്ലാത്ത ഒരു ഗോളിനാണ് ജയം.

രാത്രി പന്ത്രണ്ടരയ്ക്ക് USA-ഓസ്ട്രേലിയയെ നേരിടും. സ്കോട്ട്ലൻഡ്-മൊറോക്കോ മത്സരം നാളെ പുലർച്ചെ മൂന്നരയ്ക്കും, ബ്രസീൽ-ഹെയ്റ്റി മത്സരം ആറ് മണിക്കുമാണ്.

✪✪✪

FIH വനിതാ ഹോക്കിയിൽ, ഇന്ത്യ, സെമി ഫൈനലിലെത്തി. ന്യൂസിലൻഡിൽ നടന്ന മത്സരത്തിൽ, ഉറുഗ്വേയെ 3-2 ന് പരാജയപ്പെടുത്തിയാണ് , ഇന്ത്യ പൂൾ എയിൽ ഒന്നാം സ്ഥാനത്തെത്തിയത്. ഇന്ത്യ, ഇന്ന് ചിലിയെ നേരിടും.

✪✪✪

പ്രമുഖ കഥാകാരി KR മല്ലിക തിരുവനന്തപുരത്ത് അന്തരിച്ചു. 72 വയസ്സായിരുന്നു.

കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവന പുരസ്കാരം, അബുദാബി ശക്തി അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്. നാവ്, സമാന്തരം, മായാ-മാളവ-ഗൗള, നിറങ്ങൾക്കപ്പുറം, വളയം, അമ്മ, അകം എന്നിവയാണ് പ്രധാന കൃതികൾ.

സംസ്കാരം വൈകിട്ട് തിരുവന്തപുരം തൈക്കാട് ശാന്തി കവാടത്തിൽ.

✪✪✪

ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലാ കലക്ടർ MS മാധവിക്കുട്ടിയുടെ അധ്യക്ഷതയിൽ, വിവിധ വകുപ്പ് മേധാവിമാരുടെയും പഞ്ചായത്ത് സെക്രട്ടറിമാരുടെയും യോഗം ചേർന്നു. ഷിഗെല്ല, ഡെങ്കിപ്പനി എന്നിവക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, ഭക്ഷ്യസുരക്ഷ വിഭാഗത്തോട് പരിശോധനകൾ ശക്തമാക്കാനും, വാട്ടർ അതോറിറ്റിയോട് പൊതുകുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്താനും കലക്ടർ നിർദേശിച്ചു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളിയാഴ്ച സ്കൂളുകൾ, ശനിയാഴ്ച സ്ഥാപനങ്ങൾ, ഞായറാഴ്ച വീടുകൾ എന്നിങ്ങനെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്താനും യോഗത്തിൽ തീരുമാനമായി.

✪✪✪

കോഴിക്കോട്ട് നിപ ബാധിച്ച രോഗി മെഡിക്കൽ കോളേജ് ആശുപത്രിയിൽ വെൻറിലേറ്ററിൽ തുടരുന്നു. രോഗബാധിതന്റെ സമ്പർക്ക പട്ടികയിൽ പുതിയതായി ആരെയും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ 104 പേരാണ് സമ്പർക്ക പട്ടികയിൽ ഉള്ളത്.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ അഞ്ചാം ഡിവിഷനിൽ, 50 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തി.

✪✪✪

ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോഴിക്കോട് ജില്ലാ കലക്ടർ MS മാധവിക്കുട്ടിയുടെ അധ്യക്ഷതയിൽ, വിവിധ വകുപ്പ്

മേധാവിമാരുടെയും പഞ്ചായത്ത് സെക്രട്ടറിമാരുടെയും യോഗം ചേർന്നു. ഷിഗെല്ല, ഡെങ്കിപ്പനി എന്നിവക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, ഭക്ഷ്യസുരക്ഷ വിഭാഗത്തോട് പരിശോധനകൾ ശക്തമാക്കാനും, വാട്ടർ അതോറിറ്റിയോട് പൊതുകുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേഷൻ നടത്താനും കലക്ടർ നിർദേശിച്ചു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വെള്ളിയാഴ്ച സ്കൂളുകൾ, ശനിയാഴ്ച സ്ഥാപനങ്ങൾ, ഞായറാഴ്ച വീടുകൾ എന്നിങ്ങനെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്താനും യോഗത്തിൽ തീരുമാനമായി.

✪✪✪

ഈ മാസം 28 ന് നടത്തുന്ന പൾസ് പോളിയോ പ്രതിരോധ പരിപാടിയുടെ നടത്തിപ്പിൽ വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും ഏകോപനം ഉറപ്പാക്കുന്നതിനായി എറണാകുളം ADM, K. മനോജിന്റെ അധ്യക്ഷതയിൽ ഏകോപനയോഗം ചേർന്നു. ആരോഗ്യ സ്ഥാപനങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റാൻഡുകൾ, മെട്രോ സ്റ്റേഷനുകൾ, ബോട്ട് ജെട്ടികൾ, മാളുകൾ, മൊബൈൽ ബൂത്തുകൾ, പ്രത്യേകമായി സജ്ജീകരിച്ച മറ്റ് ബൂത്തുകൾ അടക്കം 1,993 ബൂത്തുകളാണ് ജില്ലയിൽ സജ്ജീകരിച്ചിരിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ ദിവസം പീക്ക് മണിക്കൂറുകളിൽ വൈദ്യുതിനിയന്ത്രണം വേണ്ടി വന്നത് വൈദ്യുതി ലഭ്യതയിലുണ്ടായ കുറവ് പരിഹരിക്കുന്നതിനാണെന്ന് KSEB വാർത്താകുറിപ്പിൽ അറിയിച്ചു.

നിലവിൽ KSEB അണക്കെട്ടുകളുടെ സംഭരണശേഷിയുടെ 21.25% മാത്രമേ വെള്ളമുള്ളു. കഴിഞ്ഞ വർഷം ഇതേസമയം 47.22% വെള്ളമാണ് ജലസംഭരണികളിൽ ഉണ്ടായിരുന്നത്. ജൂൺ മാസത്തിൽ പ്രതീക്ഷിച്ചിരുന്ന അളവിൽ മഴ ലഭിക്കാത്തത് കാരണമുണ്ടായ പ്രതിസന്ധിയാണിതെന്നും KSEB അറിയിച്ചു.

✪✪✪

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പിന് ഇന്ന് സംസ്ഥാനത്ത് തുടക്കമാകും. തിരുവനന്തപുരം കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ പരിപാടി ഉദ്ഘാടനം ചെയ്യും. പ്രതിരോധ കുത്തിവെപ്പ് സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്ന ഭാരത് പശുധൻ പോർട്ടലിന്റെ പരിശീലന പരിപാടിയും നടക്കും.

ഇന്ന് മുതൽ അടുത്ത മാസം 10 വരെ കർഷകരുടെ വീടുകളിൽ എത്തി 4 മാസത്തിനു മുകളിൽ പ്രായമായ കന്നുകാലികൾക്കാണ് സൗജന്യ പ്രതിരോധ കുത്തിവെപ്പ് നൽകുന്നത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 2,680 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 6,960 രൂപയായി. ഗ്രാമിന് 13,370 രൂപ.

✪✪✪

കൊല്ലം ആശ്രാമം ESI മോഡൽ ആന്റ് സൂപ്പർ സെപ്ഷ്യാലിറ്റി ആശുപത്രി മെഡിക്കൽ കോളേജ് ആയി ഉയർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് നൽകിയതായി NK പ്രേമചന്ദ്രൻ MP അറിയിച്ചു. 2026-2027 അദ്ധ്യയന വർഷം 50 MBBS സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനാണ് സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നതെന്ന് അദ്ദേഹം വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: നിമിഷ ജി*
*News Team : സബിത കെ, പ്രവീൺ*
*DEO : ഷീബ*